# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3784** **20.10.2016 -ൽ മറുപടിക്ക്**

**കിഴക്കേകോട്ട ഭാഗത്തെ ഭൂമി കൈയ്യേറ്റങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി. മമ്മൂട്ടി | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാനത്തെ കിഴക്കേകോട്ട ഭാഗത്ത് കയ്യേറിയ ഭൂമി ഒഴിപ്പിക്കലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ: | (എ) | റോഡ് വികസനത്തിന്റെ ഭാഗമായി കയ്യേറ്റക്കാരെ ഒഴിപ്പിച്ച്, പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പുറമ്പോക്ക് ഭൂമി പാട്ടത്തിനു നൽകിയതു സംബന്ധിച്ച രേഖകൾ താലൂക്ക് ഓഫീസിൽ നിന്നും കാണാതായി എന്ന റിപ്പോർട്ടുകൾ ശരിയാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശരിയല്ല |
| (സി) എങ്കിൽ ഉത്തരവാദികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു; | (സി) | ബാധകമല്ല |
| (ഡി) രേഖകൾ അനുബന്ധ ഓഫീസുകളിലും പാട്ടക്കാരുടെ കൈവശവും ഉണ്ടായിരിക്കേണ്ടതല്ലേ; | (ഡി) | ഉണ്ടായിരിക്കേണ്ടതാണ് |
| (ഇ) എങ്കിൽ പാട്ടക്കാരോടും അനധികൃത കൈയ്യേറ്റക്കാരോടും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് അവർക്ക് നോട്ടീസ് നൽകാനും, അതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കാനും ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ? | (ഇ) | കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**